## ഗ്രീൻ കേരള എക്സ്പ്രസ് സോഷ്യൽ റിയാലിറ്റി ഷോ മാർച്ച് ഒന്നിന് സംപ്രേഷണം ആരംഭിക്കുന്നു.

ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ വ്യത്യസ്ത പരീക്ഷണങ്ങളിൽ ഒന്നായ ഗ്രീൻ കേരള എക്സ്പ്രസ് എന്ന സോഷ്യൽ റിയാലിറ്റി ഷോ മാർച്ച് ഒന്നിന് ദൂരദർശനിൽ സംപ്രേഷണം ആരംഭിക്കും.

സുസ്ഥിര വികസന മാതൃകകൾ വികസിപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മികച്ചവയെ തിരഞ്ഞെടുക്കാനുള്ള ഒരു മത്സരമാണിത്. ഇരുന്നോറോളം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാറ്റുരയ്ക്കാനെത്തുന്ന ഈ മത്സരത്തിൽ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ആദ്യ ഘട്ടത്തിൽ വിലയിരുത്തപ്പെടുക. തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന ശുചിത്വമിഷൻ, സി-ഡിറ്റ്, കില, തിരുവനന്തപുരം ദൂരദർശൻ എന്നിവരുടെ സംയുക്ത സംരംഭമാണിത്.

ഏറ്റവും നല്ല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഒരു കോടി രൂപയാണ് സമ്മാനം. മൊത്തം മൂന്നു കോടി രൂപയുടെ സമ്മാനങ്ങളാണുള്ളത്.

സി.ഡി.എസ് മുൻ ഡയറക്ടർ ഡോ.കെ.പി.കണ്ണൻ അധ്യക്ഷനും ഡോ.ആർ.വി.ജി.മേനോൻ,സുഗത കുമാരി, പ്രൊഫ.ജോർജ് ഓണക്കൂർ, പ്രൊഫ. എം.കെ.പ്രസാദ്, ആർ. ഹേലി, ഡോ. വിനീത മേനോൻ, സി.പി.നായർ, ജെ. ലളിതാംബിക പ്രമുഖ മാധ്യമ പ്രവർത്തകർ എന്നിവർ അംഗങ്ങളായുള്ള മുഖ്യ ജൂറി റിയാലിറ്റി ഫ്ലോർ വേദിയിൽ പഞ്ചായത്തുകളെ വിലയിരുത്തും.

പഞ്ചായത്തുകളുമായി സംവദിക്കാനും അവരെ വിലയിരുത്താനും തെന്നിന്ത്യയിലെ പ്രമുഖ നടി പത്മപ്രിയയുമുണ്ട്. കൂടാതെ വ്യത്യസ്ത മേഖലകളിലെ വിദഗ്ധർ അതിഥി ജൂറിയായെത്തുന്നു.

ജി.സാജനും(ദൂരദർശൻ), കെ.മോഹൻ കുമാർ( സി-ഡിറ്റ്) ഈ നവീന മാധ്യമപരീക്ഷണത്തിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നു. തിരുവനന്തപുരം ദൂരദർശന്റെ ഭൂതല ചാനലിൽ വൈകിട്ട് 5.05 നും ഉപഗ്രഹ ചാനലിൽ രാത്രി 8.30 നുമാണ് സംപ്രേഷണ സമയം.